# Desabhimani

# 27 August 2018

# After Flood, Necessary Precautions

# ടെൻഷൻ വേണ്ട; കരുതൽ മതി



പ്രളയാനന്തരം വീട്ടിലേക്ക് മടങ്ങുന്ന സമയമാണിത്. വീട്ടിലേക്കുള്ള മടക്കം കരുതലോടെയാകാം. ശുചീകരണ, പുനരുദ്ധാരണ പ്രവർത്തനങ്ങളിൽ ആവശ്യമായ ജാഗ്രതയും മുൻകരുതലും കൈക്കൊള്ളണമെന്ന് സർക്കാർ നിർദ്ദേശം നൽകി



### കിണർ വൃത്തിയാക്കാം

കിണറുകൾ ക്ലോറിനേറ്റ് ചെയ്യുക. ഒരു റിങ് വെള്ളത്തിന് ഒരു തീപ്പെട്ടിക്കൂട് എന്ന കണക്കിൽ ക്ലോറിൻ ചേർക്കണം. കലക്കി ഊറിയശേഷം കിണറിൽ ഒഴിക്കുക. ഒരു മണിക്കൂറിന് ശേഷം വെള്ളം ഉപയോഗിക്കാം. അളവ് കൂടിയാൽ പ്രശ്നമില്ല. രൂക്ഷഗന്ധമുണ്ടെങ്കിൽ ഒരുദിവസത്തിനു ശേഷം ഉപയോഗിക്കുക.

### ജൈവമാലിന്യം സംസ്കരിക്കാം



ചീഞ്ഞഴുകിയ സസ്യങ്ങൾ, കേടുവന്ന ഭക്ഷ്യവസ്തുക്കൾ എന്നിവ ഉടൻ നീക്കണം. സ്ഥലമുള്ളവർ നാലടി ആഴത്തിൽ കുഴിയെടുത്ത് മുകളിൽ ബ്ലീച്ചിങ് ലായനി ഒഴിച്ച് മണ്ണിട്ട് മൂടണം. കിണറുകൾക്കടുത്ത് കുഴിച്ചിടരുത്. പ്ലാസ്റ്റിക് കവറുകളിലിട്ട് സംസ്കരിക്കരുത്.

### പാമ്പിനെ ശ്രദ്ധ വേണം



ചവിട്ടി, കുന്നുകൂടിയ തുണികൾ, ഫ്രിഡ്ജ്, വാഷിങ് മെഷീൻ, ക്ലോസറ്റ്, വാഷ് ബേസിൻ, അടുക്കള ഭാഗത്ത് കാണാൻ കഴിയാത്ത ഇടങ്ങൾ, വാതിലുകൾക്കടുത്തെ വിടവുകൾ എന്നിവിടങ്ങളിൽ പാമ്പുകൾ ഉണ്ടാകാം. തുണികൾ, ഷൂസുകൾ എന്നിവ നീളമുള്ള കമ്പുകൊണ്ട് തട്ടി നോക്കിയശേഷം എടുക്കണം. വീട് വൃത്തിയാക്കിയ ശേഷം അൽപ്പം മണ്ണെണ്ണയോ ഡീസലോ വെള്ളവുമായി ചേർത്ത് തളിക്കണം. വാഹനത്തിനുള്ളിൽ പാമ്പുണ്ടെങ്കിൽ നല്ല വെയിലുള്ള തുറന്ന സ്ഥലത്ത് നിർത്തിയിടണം. പാമ്പ് തനിയെ പുറത്തുപോകും. പാമ്പുകടിയേറ്റാൽ മുറിവേറ്റ ഭാഗം വെള്ളവും സോപ്പും ഉപയോഗിച്ച് നന്നായി കഴുകണം. എത്രയും വേഗം ആശുപത്രിയിലെത്തിക്കണം. ആന്റിവെനം ചികിത്സ താലൂക്ക് ആശുപത്രികളിലും ജില്ല, ജനറൽ, മെഡിക്കൽ കോളേജ് ആശുപത്രികളിലും ലഭ്യമാണ്.

### ക്ലീനിങ് ലോഷൻ തയ്യാറാക്കാം



പത്ത് ലിറ്റർ വെള്ളത്തിൽ രണ്ടോ മൂന്നോ ടീസ്പൂൺ അലക്കുകാരവും 150 ഗ്രാം ബ്ലീച്ചിങ് പൗഡറും ചേർത്ത് കുഴമ്പ് പരുവത്തിലാക്കുക. മിശ്രിതത്തിൽ ആവശ്യാനുസരണം വെള്ളം ചേർത്ത് നന്നായി ഇളക്കുക. പത്ത് മിനുട്ട് അനക്കാതെ വയ്ക്കുക. മുകളിലെ തെളിഞ്ഞ ലായനി മറ്റൊരു ബക്കറ്റിലേക്ക് മാറ്റുക. വീടിന്റെ തറ, ഭിത്തി, മറ്റ് പ്രതലങ്ങൾ, ഗൃഹോപകരണങ്ങൾ എന്നിവ അണുവിമുക്തമാക്കാൻ ഉപയോഗിക്കാം.

### പ്രളയജലത്തിൽനിന്ന് കുടിവെള്ളം



നിവൃത്തിയില്ലാത്ത സാഹചര്യത്തിൽ പ്രളയജലത്തിൽ നിന്ന് കുടിവെള്ളം തയ്യാറാക്കാം. 15 ലിറ്റർ ശേഷിയുള്ള വൃത്തിയുള്ള ബക്കറ്റിൽ 10 ലിറ്റർ വെള്ളംനിറക്കുക. ഒരു ടീസ്പൂൺ കാരവും അര ടീസ്പൂൺ ചുണ്ണാമ്പും ചേർക്കുക. വൃത്തിയുള്ള കമ്പ് ഉപയോഗിച്ച് ആറു മിനിറ്റ് ഇളക്കുക. 30 മിനിറ്റ് അനക്കാതെ വയ്ക്കുക. തെളിഞ്ഞ വെള്ളം അരിച്ച് മറ്റൊരു ബക്കറ്റിലേക്കു മാറ്റുക. ഒരു ശതമാനം വീര്യമുള്ള ക്ലോറിൻ ദ്രാവകത്തിൽനിന്ന് 20 മില്ലി ലിറ്റർ അരിച്ചെടുത്ത വെള്ളത്തിലേക്ക് ഒഴിച്ച് നന്നായി ഇളക്കുക. 30 മിനിറ്റ് മൂടിവച്ച ശേഷം ഈ വെള്ളം കുടിക്കാനും ഭക്ഷണം പാകം ചെയ്യാനും ഉപയോഗിക്കാം.

### വൈദ്യുതി ഉപയോഗിക്കാം, സുരക്ഷിതമായി

പുരയിടങ്ങളിൽ പ്രവേശിക്കുന്നതിനു മുമ്പ് ചുറ്റുവട്ടത്ത് വൈദ്യുതി ഉണ്ടോ എന്ന് ഉറപ്പുവരുത്തണം. ഉണ്ടെങ്കിൽ പ്രസ്തുത ലൈൻ/സർവീസ് വയർ ഓഫ് ചെയ്യണം.

പൊട്ടിക്കിടക്കുന്നതോ താഴ്ന്നുകിടക്കുന്നതോ ആയ ലൈൻ 9496061061 എന്ന നമ്പറിൽ റിപ്പോർട്ട് ചെയ്യണം. വെള്ളത്തിൽ മുങ്ങിക്കിടക്കുന്ന സ്വിച്ച് ബോർഡ്, എക്സ്റ്റൻഷൻ ബോർഡ് എന്നിവയുടെ അടുത്തുപോകരുത്. നനവില്ലാത്ത ചെരുപ്പ് ധരിക്കണം. പൊട്ടിക്കിടക്കുന്ന എർത്ത് കമ്പിയിൽ സ്പർശിക്കരുത്. ഇഎൽസിബി പ്രവർത്തനക്ഷമമാണോയെന്ന് അറിയാൻ അതിന്റെ ടെസ്റ്റ് ബട്ടൺ അമർത്തി ട്രിപ്പ് ആകുന്നുണ്ടോയെന്ന് നോക്കണം. ട്രിപ്പായാൽ ഉപകരണങ്ങൾ ഓണാക്കരുത്. ഇഎൽസിബി ബൈപ്പാസ് ചെയ്യരുത്.

പ്ലഗ്ഗിൽ ഘടിപ്പിച്ച എല്ലാ ഉപകരണങ്ങളും അഴിച്ചുമാറ്റണം. നനഞ്ഞതോ വെള്ളം കയറിയതോ



ആയ ഉപകരണം ഉപയോഗിക്കരുത്. ഇൻവർട്ടറുകൾ പ്രവർത്തിപ്പിക്കാൻ ശ്രമിക്കരുത്. സ്വിച്ച് ഇടുമ്പോൾ മറുകൈ ഭിത്തിയിൽ തൊടാതിരിക്കാൻ ശ്രദ്ധിക്കണം. പാചകവാതകം, മറ്റു വാതക സാന്നിധ്യം എന്നിവ അനുഭവപ്പെട്ടാൽ വൈദ്യുത ഉപകരണങ്ങൾ പ്രവർത്തിപ്പിക്കരുത്